LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

(എ) സാമൂഹ്യനീതി വകുപ്പിൽ സാമൂഹ്യ സുരക്ഷയ്ക്കും ക്ഷേമത്തിനും പോഷകാഹാര മേഖലയ്ക്കുമായി 2014-15 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ 94725.40 ലക്ഷം രൂപയാണ് (ഉപധനാഭ്യർത്ഥനയും അധിക ധനസഹായവും ഒഴികെ) ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത തുക ലഭിച്ച വിഭാഗവും ഓരോ വിഭാഗവും ചെലവഴിച്ചതും മിച്ചമുള്ളതുമായ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു : (2015 ഫെബ്രുവരി മാസം വരെയുള്ള കണക്ക് പ്രകാരം)

| വിഭാഗം | (തുക ലക്ഷത്തിൽ) | | |
|---|---|---|---|
| | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ച തുക | മിച്ചമുള്ള തുക |
| സാമൂഹ്യനീതി ഡയറക്ടറേറ്റ് (സാമൂഹ്യ സുരക്ഷാ മിഷൻ ഉൾപ്പെടെ) | 79390.4 | 48967.68 | 30422.72 |
| നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് | 800 | 770.19 | 29.81 |
| കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ | 75 | 22.6 | 52.4 |
| കേരള വനിതാ കമ്മീഷൻ | 255 | 131.07 | 123.93 |
| കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ | 300 | 183 | 117 |
| കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ | 825 | 584.51 | 240.49 |
| അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ് | 80 | 79.20 | 0.80 |
| ലാന്റ് റവന്യൂ കമ്മീഷണറേറ്റ് (ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി) | 13000 | 13000 | ... |

## സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത അഗതി മന്ദിരങ്ങൾ

284 (1709) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര അഗതിമന്ദിരങ്ങളാണ് കേരളത്തിൽ പ്രവർത്തിക്കുന്നത്; ഇവയിൽ ആകെ എത്ര അന്തേവാസികളെയാണ് പാർപ്പിച്ചിട്ടുള്ളത് ; ഇവിടങ്ങളിലെ ജീവിത സാഹചര്യങ്ങളെക്കുറിച്ച് പരിശോധിക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഓർഫനേജ് & അദർ ചാരിറ്റബിൾ ഹോംസ് ആക്ട് 1960 പ്രകാരമാണ് അഗതി മന്ദിരങ്ങൾ പ്രവർത്തിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | വിഭാഗം | എണ്ണം | അനുവദിച്ചിരിക്കുന്ന അന്തേവാസികളുടെ എണ്ണം | നിലവിലെ അന്തേവാസികളുടെ എണ്ണം |
|---|---|---|---|---|
| 1 | അനാഥാലയങ്ങൾ | 1176 | 82751 | 52253 |
| 2 | ഫൗണ്ട്ലിംഗ് ഹോമുകൾ | 30 | 1005 | 472 |
| 3 | പ്രയാസമേറിയ സാഹചര്യത്തിലുള്ള സ്ത്രീകളുടെ ഭവനം | 38 | 1163 | 908 |
| 4 | വൃദ്ധസദനങ്ങൾ | 532 | 27034 | 20686 |
| 5 | വിഭിന്നശേഷിയുള്ളവരുടെ ഭവനം | 201 | 11441 | 8703 |
| 6 | യാചക മന്ദിരങ്ങൾ | 10 | 706 | 777 |
| 7 | മറ്റുള്ളവ | 39 | 1988 | 1168 |
| | ആകെ | 2026 | 126088 | 84967 |

സ്ഥാപനങ്ങളിലെ അന്തേവാസികളുടെ ജീവിത സാഹചര്യവും സ്ഥാനപത്തിന്റെ പ്രവർത്തനവും പരിശോധിച്ച് അംഗീകാരം നൽകുന്നതിനും പുതുക്കി നൽകുന്നതിനും വേണ്ടി ശിപാർശ ചെയ്യുന്നതിനും ജില്ലയുടെ ചാർജ്ജുള്ള ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പറും വർഷം തോറും ഗ്രാന്റ് നൽകുന്നത് സംബന്ധിച്ച് സ്ഥാപനങ്ങൾ പരിശോധിക്കുകയും അന്തേവാസികളുടെ ജീവിത സാഹചര്യം വിലയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റിന്റെ അർഹത പരിശോധിക്കുകയും ചെയ്യുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും അന്തേവാസികൾക്ക് കൗൺസിലിംഗ് സംവിധാനം നൽകുന്നതിനായി സൈക്കോസോഷ്യൽ കൗൺസിലർമാരും ആരോഗ്യ പരിപാലനത്തിന് മെഡിക്കൽ ഓഫീസർമാരും, സ്ഥാപനങ്ങളുടെ പരിശോധനയ്ക്കായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നു.